## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 413

12.06.2012 ൽ
മറുപടിക്ക്

### ചേർത്തല ആട്ടോകാസ്റ്റ് റെയിൽവേ ബോഗി നിർമ്മാണ യൂണിറ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(ബഹു: വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) 2007 ൽ റെയിൽവേ ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ച ചേർത്തല ആട്ടോകാസ്റ്റ് റെയിൽവേ ബോഗി നിർമ്മാണ യൂണിറ്റ് റെയിൽവേ കൈവിടുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച എന്തെങ്കിലും അറിയിപ്പ് സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ;<br><br>(ബി) ആട്ടോകാസ്റ്റ് റെയിൽവേ ബോഗി നിർമ്മാണ യൂണിറ്റ് വീണ്ടുകിട്ടുന്നതിന് സംസ്ഥാന സർക്കാർ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ;<br><br>(സി) പ്രസ്തുത യൂണിറ്റ് വീണ്ടുകിട്ടുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ യാണെന്ന് വ്യക്തമാക്കുമോ ? | **(എ), (ബി) & (സി)**<br><br>വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>2007 -ൽ കേന്ദ്ര റെയിൽവേ ബഡ്ജറ്റിലൂടെ, കേരള സംസ്ഥാന സർക്കാരുമായി സഹകരിച്ച് സംയുക്ത മേഖലയിൽ ആലപ്പുഴയിൽ ഒരു ബോഗി നിർമ്മാണ യൂണിറ്റ് തുടങ്ങും എന്ന് പ്രഖ്യാപിച്ചിരുന്നു. ഏറെ പഠനങ്ങൾക്കും ചർച്ചകൾക്കുംശേഷം സംസ്ഥാന സർക്കാരും കേന്ദ്ര റെയിൽവേ വകുപ്പും തമ്മിൽ ഇതു സംബന്ധിച്ച ഒരു ധാരണപത്രം 28.06.2008 ലും, തുടർന്ന് ഷെയർ ഹോൾഡേഴ്സ് എഗ്രിമെന്റ് 27.02.2009 ലും ഒപ്പുവച്ചിട്ടുള്ളതാകുന്നു. എഗ്രിമെന്റ് പ്രകാരം പദ്ധതി മുന്നോട്ട് പോയിട്ടില്ല. എന്നാൽ റൈറ്റ്സിന്റെ പുനഃപഠന റിപ്പോർട്ടിൻ പ്രകാരം, നിലവിലുള്ള സംയുക്ത സംരംഭ പദ്ധതി പ്രകാരം, റെയിൽവേ ബോർഡ് മറ്റൊരു 'അഷോഡ് ബിസ്സിനസ്സ്' പദ്ധതി മുന്നോട്ട് വച്ചിട്ടുണ്ട്. ഈ പദ്ധതി സംസ്ഥാന സർക്കാർ പരിശോധിച്ചു വരുകയാണ്. |

സെക്ഷൻ ഓഫീസർ